(സി) സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൈമറി ക്ലാസ്സുകളും പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളും വിവിധ ആർട്സ് വിഷയങ്ങളിലെ ബാച്ചിലർ ഡിഗ്രി കോഴ്സുകളും ബി.കോം, ബി.എസ്.സി. കോഴ്സുകളും ബിരുദാനന്തര ബിരുദ കോഴ്സുകളും നടത്തിവരുന്നു. കൂടാതെ ബി.ബി.എ., എം.ബി.എ. കോഴ്സുകളും നടത്തുന്നുണ്ട്. സഹകരണ നഴ്സിംഗ് കോളേജുകളിൽ ജനറൽ നഴ്സിംഗ്-മിഡ്വൈഫറി കോഴ്സുകളും ബി.എസ്.സി. നഴ്സിംഗ് കോഴ്സുകളും നടത്തുന്നു. വിവിധ പാരാമെഡിക്കൽ കോഴ്സുകളും എൻ.സി.വി.റ്റി.യുടെ കോഴ്സുകളും കമ്പ്യൂട്ടർ കോഴ്സുകളും സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തി വരുന്നു. കൂടാതെ ബി.ടെക്., എം.ടെക് കോഴ്സുകളും നടത്തുന്നുണ്ട്. സംസ്ഥാന സഹകരണ യൂണിയന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ എച്ച്.ഡി.സി., ബി.എം. കോഴ്സും, ജെ.ഡി.സി. കോഴ്സും 'കിക്മ'യിൽ എം.ബി.എ. കോഴ്സും നടത്തുന്നു. കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ ബി.ടെക്, എം.ടെക്, എം.സി.എ. കോഴ്സുകളും പുന്നപ്രയിൽ പ്രവർത്തിക്കുന്ന ഫിനിഷിംഗ് സ്കൂളിൽ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വിവിധതരം ട്രെയിനിംഗുകളും നൽകിവരുന്നു.

മിഷൻ 676-ന്റെ ഭാഗമായുള്ള പദ്ധതികൾ

84 (7920) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ന്റെ ഭാഗമായി സഹകരണ വകുപ്പ് ഓരോ പദ്ധതിക്കും വേണ്ടി നീക്കിവച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) 50 പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഈ പദ്ധതിയിൻകീഴിൽ 2014-15-ലെ ബഡ്ജറ്റിൽ സംസ്ഥാന പദ്ധതിയിൽ എത്ര തുക വകകൊള്ളിച്ചിട്ടുണ്ടെന്നും എൻ.സി.ഡി.സി.-യിൽ എത്ര തുക വകകൊള്ളിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) 50 സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) മിഷൻ 676-ന്റെ ഭാഗമായി സഹകരണ വകുപ്പ് ഓരോ പദ്ധതിക്കും വേണ്ടി പ്രത്യേകം തുക നീക്കിവച്ചിട്ടില്ല. സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിന് സംഘങ്ങൾ ചെലവഴിക്കുന്ന തുകയ്ക്ക് പുറമേ ഇതിനായി സഹകരണ വകുപ്പിന്റെ പദ്ധതിയിനത്തിൽ മാറ്റിവയ്ക്കുന്ന വിഹിതത്തിൽ നിന്നുകൂടി തുക കണ്ടെത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2014-15-ലെ ബഡ്ജറ്റിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി "പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിന് ധനസഹായം അനുവദിക്കുന്നതിന് ആകെ 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് തുക അനുവദിക്കുന്നതാണ്. അതോടൊപ്പംതന്നെ എൻ.സി.ഡി.സി. പദ്ധതിയിൽ ഉൾപ്പെട്ട "പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, ഫെഡറേഷനുകൾ എന്നിവയുള്ള ധനസഹായ പദ്ധതി"-യിൽ വകയിരുത്തിയിട്ടുള്ള 1125 ലക്ഷം രൂപയിൽനിന്നും പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതാണ്.

(സി) പ്രസ്തുത സംഘങ്ങൾക്ക് പുനരുദ്ധാരണത്തിന് ധനസഹായം അനുവദിക്കുന്നതിനുള്ള ചട്ടങ്ങൾക്ക് വിധേയമായി ചുവടെപ്പറയുന്ന വ്യവസ്ഥകൾ പാലിച്ചിട്ടുള്ള 50 സംഘങ്ങളെ തെരഞ്ഞെടുക്കുന്നതാണ്.

1. മുഴുവൻ സമയ സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ ഉണ്ടായിരിക്കണം.
2. കുറഞ്ഞപക്ഷം 10 എസ്സി./എസ്റ്റി. അംഗങ്ങൾക്ക് തുടർച്ചയായി തൊഴിൽ ലഭിക്കത്തക്ക പ്രോജക്ടായിരിക്കണം
3. സർക്കാർ കുടിശ്ശിക പാടില്ല
4. സർക്കാർ ധനസഹായം സ്വീകരിക്കുന്നതിന് ബൈലായിൽ വ്യവസ്ഥ ഉണ്ടായിരിക്കണം
5. സംഘം കുറഞ്ഞത് മൂന്ന് വർഷം തുടർച്ചയായി പ്രവർത്തിച്ചിരിക്കണം
6. ആഡിറ്റ് രണ്ട് വർഷം മുമ്പ് വരെ പൂർത്തിയായിരിക്കണം

മിഷൻ 676-ന്റെ ഭാഗമായുള്ള ധനസഹായം

85 (7921) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ന്റെ ഭാഗമായി കെ.ജി.റ്റി.ഇ./സർക്കാർ ഏജൻസികളുടെ അംഗീകാരമുള്ള കോഴ്സുകളിലേക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly